**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3708** **09-10-2025 - ൽ മറുപടിയ്ക്ക്**

**കൃഷി ഭവനുകളിലെ സ്റ്റാഫ് പാറ്റേൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രാമപഞ്ചായത്ത് കൃഷിഭവനുകളിലെ സ്റ്റാഫ് പാറ്റേണിനെക്കുറിച്ച് വിശദമാക്കാമോ; പാലാ നിയോജകമണ്ഡലത്തിലെ കൃഷിഭവനുകളിൽ സ്റ്റാഫ് പാറ്റേൺ പ്രകാരമല്ലാതെ പ്രവർത്തിക്കുന്ന കൃഷിഭവനുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; സ്റ്റാഫ് പാറ്റേൺ കുറവ് വന്നത് ഏത് തീയതി മുതലാണെന്നും സ്റ്റാഫ് പാറ്റേൺ പുനസ്ഥാപിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നും ഇത് സംബന്ധിച്ച നടപടിക്രമം എന്താണെന്നും വിശദമാക്കാമോ;ആയതിനു നടപടി സ്വീകരിക്കേണ്ടത് ഏത് തസ്തികയിലുള്ള ഉദ്യോഗസ്ഥനാണെന്നു കൂടി അറിയിക്കാമോ; | (എ) | **കേരള അഗ്രികൾച്ചറൽ മാന്വൽ പ്രകാരമുള്ള കൃഷി ഭവനുകളിലെ സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു.**<br><br>ക്രമ നം \| തസ്തിക<br>1 \| അഗ്രികൾച്ചറൽ ഓഫീസർ / അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ<br>2 \| അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർ /അഗ്രികൾച്ചറൽ അസിസ്റ്റന്റ്<br>3 \| പാർട്ട് ടൈം സ്വീപ്പർ (100 സ്ക്വയർ മീറ്റർ വിസ്തൃതിക്ക് മുകളിലുള്ള കൃഷി ഭവനുകളിൽ)<br><br>എല്ലാ കൃഷി ഭവനുകളിലും ഒരു കൃഷി ഓഫീസർ ഉണ്ട്. പഞ്ചായത്തിന്റെ വിസ്തൃതിക്കനുസരിച്ച് 2 മുതൽ 3 വരെ അസിസ്റ്റന്റ് കൃഷി ഓഫീസർ/ കൃഷി അസിസ്റ്റന്റുമാരും ഉണ്ട്. കൃഷി ഭവന്റെ വിസ്തൃതി 100 ചതുരശ്ര മീറ്ററിനു മുകളിലുള്ള കൃഷി ഭവനുകളിൽ 1 പാർട്ട് ടൈം സ്വീപ്പർ എന്നിങ്ങനെയാണ് ഗ്രാമപഞ്ചായത്ത് കൃഷി ഭവനുകളിലെ സ്റ്റാഫ് പാറ്റേൺ.<br><br>പാലാ നിയോജകമണ്ഡലത്തിൽ സ്റ്റാഫ് പാറ്റേൺ പ്രകാരമല്ലാതെ കൃഷിഭവനുകൾ പ്രവർത്തിക്കുന്നില്ല. എല്ലാ കൃഷി ഭവനുകളിലും കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ്/അസിസ്റ്റന്റ് കൃഷി ഓഫീസർ, പി ടി എസ് എന്നി തസ്തികയിലുള്ളവർ ജോലിചെയ്തുവരുന്നു. |
| (ബി) | പാലാ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും കൃഷി ഭവനുകളിൽ കൃഷി അസിസ്റ്റന്റ് തസ്തിക റദ്ദാക്കുകയോ പുനക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | സർക്കാർ ഉത്തരവ് സ.ഉ.(അച്ചടി) നം.6/2023/AGRI തീയതി 20/06/2023 പ്രകാരം ജീവനക്കാരുടെ കാര്യക്ഷമമായ സേവനം നഗരപ്രദേശങ്ങളിൽ കൂടി ലഭ്യമാക്കി കാർഷിക വികസനം നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ പാലാ നിയോജക മണ്ഡലത്തിലെ രാമപുരം കൃഷി ഭവനിലെ ഒരു കൃഷി അസിസ്റ്റന്റ് തസ്തിക |

| | | | |
|---|---|---|---|
| | | | പാല കൃഷി ഭവനിലേയ്ക്ക് പുനഃക്രമീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കോട്ടയം ജില്ലയിലെ കൃഷിഭവനുകളിൽ അനുവദിച്ചിട്ടുള്ള അസിസ്റ്റന്റ് കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് ഗ്രേഡ് 1, ഗ്രേഡ് 2 എന്നീ തസ്തികകളുടെ എണ്ണം എത്ര വീതമെന്ന് വിശദമാക്കാമോ; | (സി) | കോട്ടയം ജില്ലയിലെ കൃഷി ഭവനുകളിൽ അസിസ്റ്റന്റ് കൃഷി ഓഫീസർ - 44 തസ്തികയും, കൃഷി അസിസ്റ്റന്റ് ഗ്രേഡ് 1 & ഗ്രേഡ് 2 - 160 തസ്തികകളും അനുവദിച്ചിട്ടുണ്ട്. |
| (ഡി) | കുറുർ കൃഷിഭവനിൽ 3 കൃഷി അസിസ്റ്റന്റ് തസ്തിക മുമ്പ് നിലവിലുണ്ടായിരുന്നോയെന്നും ഒരു തസ്തിക ഒഴിച്ചിട്ടിരിക്കുന്നതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ? | (ഡി) | കുറുർ കൃഷി ഭവനിൽ 04.06.1992 പൂർവ്വാഹ്നം വരെ 3 അഗ്രിക്കൾച്ചറൽ അസിസ്റ്റന്റുമാർ ഉണ്ടായിരുന്നു. 04.06.1992 അപരാഹ്നത്തിൽ ഒരു കൃഷി അസിസ്റ്റന്റ് കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ഉത്തരവ് പ്രകാരം കല്ലട ഇറിഗേഷൻ പ്രോജക്ടിലേക്ക് പുനർവിന്യാസം ചെയ്തിട്ടുണ്ട്. നിലവിൽ ഒരു കൃഷി അസിസ്റ്റന്റ് തസ്തികയും സമാന തസ്തികയായ അസിസ്റ്റന്റ് കൃഷി ഓഫീസറുടെ ഒരു തസ്തികയുമാണ് ഉള്ളത്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- ജീവനക്കാര്യം- കോർപ്പറേഷൻ മുനിസിപ്പാലിറ്റി പരിധിയിലുള്ള കൃഷി ഭവനുകളിലെ കൃഷി അസിസ്റ്റന്റ് തസ്തികകൾ ഭരണസൗകര്യാർത്ഥം പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

---

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(അച്ചടി) നം.6/2023/AGRI തീയതി,തിരുവനന്തപുരം, 20-06-2023

---

പരാമർശം:-

1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 30/12/2022 ലെ ADFW/1697/2022-SE2 നമ്പർ കത്ത്.
2. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 21/01/2023 ലെ ADFW/11796/2022-TP3 നമ്പർ കത്ത്.

**ഉത്തരവ്**

കൃഷി വകുപ്പിൽ വിജ്ഞാന വ്യാപനം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി കൃഷി ഭവൻ സംവിധാനം നിലവിൽ വന്ന സമയത്ത് നഗരപ്രദേശങ്ങളിൽ കാർഷിക മേഖലയ്ക്ക് പ്രാധാന്യം വളരെ കുറവായിരുന്നതിനാൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിൽ ഒന്നോ രണ്ടോ കൃഷി അസിസ്റ്റന്റ് തസ്തിക മാത്രമാണ് അനുവദിച്ചിരുന്നത്. പിന്നീട് കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുനർവിന്യാസം നടപ്പിലാക്കിയ സാഹചര്യത്തിൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും വിവിധ വാർഡുകളും പഞ്ചായത്തുകളും കൂട്ടിച്ചേർക്കപ്പെടുകയുണ്ടായെന്നും കൂടാതെ ഇപ്പോൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നഗരകൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് ഞങ്ങളും കൃഷിയിലേക്ക്, മട്ടുപ്പാവ് കൃഷി, വീട്ടുവളപ്പിലെ കൃഷി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയതോടെ നഗരപ്രദേശങ്ങളിലും കൃഷി വ്യാപിച്ചു. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി കൃഷിഭവൻ പരിധിയിലെ കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റാൻ ബുദ്ധിമുട്ടുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നും എന്നാൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി കൃഷിഭവനുകളിലെ കൃഷി അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം ഇപ്പോഴും മുൻപുണ്ടായിരുന്ന സ്ഥിതി തുടരുകയാണെന്നും കൃഷി ഡയറക്ടർ അറിയിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ കൃഷി ഭവനുകളിൽ നിന്നും കൃഷി അസിസ്റ്റന്റ് തസ്തികകൾ പുനർ വിന്യസിച്ചുകൊണ്ടും സമീപ കൃഷിഭവനുകൾക്ക് കോർപ്പറേഷനിലെ കൂടുതൽ വാർഡുകളുടെ ചുമതല നൽകിക്കൊണ്ടുമുള്ള വിശദ പ്രൊപ്പോസൽ തയ്യാറാക്കി സർക്കാർ പരിഗണനയ്ക്ക് സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ജീവനക്കാരുടെ കാര്യക്ഷമമായ സേവനം നഗരപ്രദേശങ്ങളിൽ കൂടുതലായി ലഭ്യമാക്കി കാർഷികവികസനം നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ കൃഷി അസിസ്റ്റന്റ് തസ്തികകൾ ഈ ഉത്തരവിനൊപ്പം ചേർത്തിരിക്കുന്ന Appendix I

പ്രകാരം പുനഃക്രമീകരണം നടത്തിക്കൊണ്ടും തിരുവനന്തപുരം കോർപ്പറേഷൻ തദ്ദേശസ്വയംഭരണ പ്രദേശത്തിനകത്തുള്ള കൃഷിഭവനുകൾക്ക് കോർപ്പറേഷൻ കൃഷിഭവൻ പരിധിയിൽ വരുന്ന കൂടുതൽ വാർഡുകളുടെ ചുമതല നൽകിക്കൊണ്ട് ഈ ഉത്തരവിനൊപ്പം ചേർത്തിരിക്കുന്ന **Appendix II** പ്രകാരം പുനഃക്രമീകരണം നടത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ് സാബിർ ഹുസൈൻ**
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ,കാർഷിക വികസന കർഷകക്ഷേമ വകുപ്പ് തിരുവനന്തപുരം
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി **(AGRI-EA2/129/2022-AGRI)**

ഉത്തരവിൻ പ്രകാരം
Signed by
Praveen B
Date: 21-06-2023 10:38:01
സെക്ഷൻ ഓഫീസർ

# Appendix I

## സംസ്ഥാനത്തെ കൃഷി അസിസ്റ്റന്റ് തസ്തികകൾ കോർപ്പറേഷൻ /മുനിസിപ്പാലിറ്റി പരിധിയിൽ പുനഃ ക്രമീകരണം നടത്തിയ പട്ടിക

| ജില്ല | കൃഷി അസിസ്റ്റന്റ് തസ്തിക കൂട്ടിച്ചേർക്കുന്ന കൃഷിഭവന്റെ വിവരങ്ങൾ | | | | കൃഷി അസിസ്റ്റന്റ് തസ്തിക കുറയ്ക്കുന്ന കൃഷി ഭവന്റെ വിവരങ്ങൾ | | | |
|---|---|---|---|---|---|---|---|---|
| | കൃഷിഭവന്റെ പേര് | നിലവിലുള്ള കൃഷി അസിസ്റ്റന്റ് തസ്തിക എണ്ണം | കൂട്ടിച്ചേർക്കുന്ന കൃഷി അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം | പുനഃക്രമീകരണത്തിനു ശേഷം ഉണ്ടാകുന്ന കൃഷി അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം | കൃഷിഭവന്റെ പേര് | നിലവിലുള്ള കൃഷി അസിസ്റ്റന്റ് തസ്തിക എണ്ണം | കുറയ്ക്കുന്നകൃഷി അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം | പുനഃക്രമീകരണത്തിനുശേഷം ഉണ്ടാകുന്ന കൃഷി അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം |
| തിരുവനന്തപുരം | തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ | 1 | 1 | 2 | കരിങ്കുളം | 3 | 1 | 2 |
| | വർക്കല മുനിസിപ്പാലിറ്റി | 1 | 1 | 2 | വെട്ടൂർ | 3 | 1 | 2 |
| | നെടുമങ്ങാട് മുനിസിപ്പാലിറ്റി | 2 | 1 | 3 | കരകുളം | 3 | 1 | 2 |
| | നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി | 1 | 1 | 2 | അമ്പൂരി | 3 | 1 | 2 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി | 1 | 1 | 2 | ആറ്റിപ്ര | 3 | 1 | 2 |
| കൊല്ലം | കൊല്ലം സിറ്റി കോർപ്പറേഷൻ | 2 | 1 | 3 | തൃക്കടവൂർ | 3 | 1 | 2 |
| | പുനലൂർ മുനിസിപ്പാലിറ്റി | 1 | 1 | 2 | ആലപ്പാട് | 3 | 1 | 2 |
| ആലപ്പുഴ | ആലപ്പുഴ മുനിസിപ്പാലിറ്റി | 1 | 1 | 2 | ആര്യാട് | 3 | 1 | 2 |
| | കായംകുളം മുനിസിപ്പാലിറ്റി | 1 | 1 | 2 | ആറാട്ടുപുഴ | 3 | 1 | 2 |
| | ചേർത്തല മുനിസിപ്പാലിറ്റി | 1 | 1 | 2 | അരൂർ | 3 | 1 | 2 |
| | മാവേലിക്കര | 1 | 1 | 2 | കണ്ടല്ലൂർ | 3 | 1 | 2 |
| | ചെങ്ങന്നൂർ | 1 | 1 | 2 | ബുധനൂർ | 3 | 1 | 2 |
| പത്തനംതിട്ട | പത്തനംതിട്ട | 1 | 1 | 2 | തുമ്പമൺ | 3 | 1 | 2 |
| | തിരുവല്ല | 1 | 1 | 2 | എഴുമറ്റൂർ | 3 | 1 | 2 |
| കോട്ടയം | ചങ്ങനാശ്ശേരി | 1 | 1 | 2 | നെടുങ്കുന്നം | 3 | 1 | 2 |
| | കോട്ടയം | 1 | 1 | 2 | കുമാരനെല്ലൂർ | 3 | 1 | 2 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | വൈക്കം | 1 | 1 | 2 | പൂഞ്ഞാർ–തെക്കേക്കര | 3 | 1 | 2 |
| | പാലാ | 1 | 1 | 2 | രാമപുരം | 3 | 1 | 2 |
| ഇടുക്കി | തൊടുപുഴ | 1 | 1 | 2 | പാമ്പാടുംപാറ | 3 | 1 | 2 |
| എറണാകുളം | വൈറ്റില കൃഷിഭവൻ (കൊച്ചി കോർപ്പറേഷൻ) | 1 | 2 | 3 | മരട് | 3 | 1 | 2 |
| | | | 0 | | ചെല്ലാനം | 3 | 1 | 2 |
| | തൃപ്പൂണിത്തുറ | 1 | 1 | 2 | കുമ്പളം | 3 | 1 | 2 |
| | ആലുവ | 1 | 1 | 2 | ചേരാനല്ലൂർ | 3 | 1 | 2 |
| | അങ്കമാലി | 1 | 1 | 2 | ഏലൂർ | 3 | 1 | 2 |
| | പെരുമ്പാവൂർ | 1 | 1 | 2 | വടക്കേക്കര | 3 | 1 | 2 |
| | കോതമംഗലം | 1 | 1 | 2 | പുത്തൻകുരിശ്ശ് | 3 | 1 | 2 |
| | നോർത്ത് പറവൂർ | 1 | 1 | 2 | നായരമ്പലം | 3 | 1 | 2 |
| | മൂവാറ്റുപുഴ | 1 | 1 | 2 | ചിറ്റാറ്റുകര | 3 | 1 | 2 |
| തൃശ്ശൂർ | ചാവക്കാട് | 1 | 1 | 2 | കടപ്പുറം | 3 | 1 | 2 |
| | ഗുരുവായൂർ | 1 | 1 | 2 | പൂക്കോട് | 3 | 1 | 2 |
| | കൊടുങ്ങല്ലൂർ | 1 | 1 | 2 | മേത്തല | 3 | 1 | 2 |
| | കുന്നംകുളം | 1 | 1 | 2 | ചൊവ്വന്നൂർ | 3 | 1 | 2 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ഇരിങ്ങാലക്കുട | 1 | 1 | 2 | എറിയാട് | 3 | 1 | 2 |
| മലപ്പുറം | തിരൂർ | 1 | 1 | 2 | പൊന്മുണ്ടം | 3 | 1 | 2 |
| | മഞ്ചേരി | 1 | 1 | 2 | നെടിയിരുപ്പ് | 3 | 1 | 2 |
| | മലപ്പുറം | 1 | 1 | 2 | എടരിക്കോട് | 3 | 1 | 2 |
| | പൊന്നാനി | 1 | 1 | 2 | ഈഴവത്തുരുത്തി | 3 | 1 | 2 |
| പാലക്കാട് | ചിറ്റൂർ-തത്തമംഗലം | 1 | 1 | 2 | കുലുക്കല്ലൂർ | 3 | 1 | 2 |
| | പാലക്കാട് | 1 | 1 | 2 | മണ്ണാർക്കാട് | 3 | 1 | 2 |
| | ഷൊർണ്ണൂർ | 1 | 1 | 2 | തൃക്കടേരി | 3 | 1 | 2 |
| കോഴിക്കോട് | കോഴിക്കോട് സിറ്റി കോർപ്പറേഷൻ | 2 | 1 | 3 | ബേപ്പൂർ | 3 | 1 | 2 |
| | വടകര | 1 | 1 | 2 | ചെറുവണ്ണൂർ-നല്ലള | 3 | 1 | 2 |
| കണ്ണൂർ | കണ്ണൂർ കോർപ്പറേഷൻ കൃഷി ഭവൻ | 1 | 1 | 2 | പള്ളിക്കുന്ന് | 3 | 1 | 2 |
| | തലശ്ശേരി | 1 | 1 | 2 | കോടിയേരി | 3 | 1 | 2 |
| കാസർഗോഡ് | കാഞ്ഞങ്ങാട് | 1 | 2 | 3 | ഉദുമ | 3 | 1 | 2 |
| | | | 0 | | മധൂർ | 3 | 1 | 2 |
| | **ആകെ** | | **46** | | | | **46** | |

# Appendix II

<u>തിരുവനന്തപുരം കോർപ്പറേഷൻ തദ്ദേശസ്വയംഭരണ പ്രദേശത്തിനകത്തുള്ള കൃഷിഭവനുകൾക്ക് കോർപ്പറേഷൻ കൃഷിഭവൻ പരിധിയിൽ വരുന്ന കൂടുതൽ വാർഡുകളുടെ ചുമതല നൽകിക്കൊണ്ടുള്ള പുനഃക്രമീകരണ പട്ടിക</u>

| **തിരുവനന്തപുരം കോർപ്പറേഷൻ തദ്ദേശസ്വയംഭരണ പ്രദേശത്തിനകത്തുള്ള കൃഷി ഭവന്റെ പേര്** | **ഇപ്പോഴുള്ള ഡിവിഷനുകളുടെ എണ്ണം** | **കൃഷിവകുപ്പിന്റെ പദ്ധതികളുടെ നടത്തിപ്പിന് മാത്രമായി കൂട്ടിച്ചേർക്കുന്ന കോർപ്പറേഷൻ KB യുടെ കീഴിലുള്ള ഡിവിഷനുകളുടെ എണ്ണം** | **പുനഃക്രമീകരണത്തിനു ശേഷം ഉണ്ടാകുന്ന ഡിവിഷനുകളുടെ എണ്ണം** | **കൂട്ടിച്ചേർക്കുന്ന കോർപ്പറേഷൻ ഡിവിഷനുകളുടെ പേര്** |
|---|---|---|---|---|
| കടകംപള്ളി | 5 | 3 | 8 | ശംഖുമുഖം |
| | | | | വെട്ടുകാട് |
| | | | | പാൽക്കുളങ്ങര |
| ഉള്ളൂർ | 6 | 3 | 9 | മെഡിക്കൽ കോളേജ് |
| | | | | കേശവദാസപുരം |
| | | | | പട്ടം |
| കുടപ്പനക്കുന്ന് | 4 | 4 | 8 | പേരൂർക്കട |

| | | | | |
|---|---|---|---|---|
| | | | | കവടിയാർ |
| | | | | കുറവൻകോണം |
| | | | | മുട്ടട |
| വട്ടിയൂർക്കാവ് | 5 | 3 | 8 | പി ടി പി നഗർ |
| | | | | വലിയവിള |
| | | | | പാങ്ങോട് |
| നേമം | 5 | 2 | 7 | തൃക്കണ്ണാപുരം |
| | | | | പുന്നയ്ക്കാമുകൾ |
| തിരുവല്ലം | 4 | 5 | 9 | അമ്പലത്തറ |
| | | | | ബീമാപള്ളി |
| | | | | ബീമാപള്ളി ഈസ്റ്റ് |
| | | | | വലിയതുറ |
| | | | | മുട്ടത്തറ |
| സിറ്റി കോർപ്പറേഷൻ | 54 | 20 | 34 | |